
ലിറ്റിൽ സ്പാർക്ക്
LMS HSS VATTAPPARA



# ആശംസ

വട്ടപ്പാറ എൽ.എം.എസ്. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ ഇ-മാഗസിൻ പുറത്തിറക്കുന്നുഎന്നറിഞ്ഞതിൽഅതിയായ സന്തോഷമുണ്ട്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ വളർച്ചയും മാറ്റങ്ങളും ക്ലാസ് മുറികളെ ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റി .ഈ മാറ്റത്തിനൊത്ത് കുട്ടികളെ കൈപിടിച്ച് ഉയർത്താൻ ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങളിലൂടെ കഴിയട്ടെ.ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ!!!!

മിനി .S

ഹെഡ് മിസ്ട്രസ്സ്





# ആശംസ

സി.എസ്.ഐ.ദക്ഷിണകേരളമഹായിടവക കോർപ്പറേറ്റ് മാനേജമെന്റ് സ്കൂളുകളിൽ മികവ് പുലർത്തുന്ന വട്ടപ്പാറ സ്കൂളിലെ പുതിയസംരംഭത്തിന് വർത്തമാന കാലഘട്ടത്തിൽ ഏറെ പ്രസക്തിയുണ്ട്. നൂതന സാങ്കേതിക വിദ്യാലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ച് ഉയർത്താൻ വട്ടപ്പാറ എൽ.എം.എസ്. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾക്ക് കഴിയട്ടെ.

എല്ലാവിധ ഭാവുകങ്ങളും നേരുന്നു....



ജസ്റ്റിൻ ജയകുമാർ.ജെ

പ്രിൻസിപ്പാൾ

ഡി.സത്യജോസ്
കോർപ്പറേറ്റ് മാനേജർ
എൽ.എം.എസ്.സ്കൂൾസ്
എൽ.എം.എസ്.കോമ്പൗണ്ട്
തിരുവനന്തപുരം - 695033
Phone : 0471 2317125 Ext.- 302



Ref. No:

Date: 21.01.2020

പ്രിയ കുട്ടികളെ,

താളിയോലയിൽ നിന്ന് വായനാ പുസ്തകത്തിലേയ്ക്ക് കടന്നതു പോലെ ഇപ്പോൾ പുസ്തകം എന്ന ഫോർമാറ്റിൽ നിന്ന് വായനയുടെ തലം മാറുകയാണ് പുസ്തകം ഇല്ലാതായാലും വായന മരിക്കുകയല്ല, വളരുകയാണെന്ന് ഇന്ന് ബോധ്യമായിക്കഴിഞ്ഞു. ഇന്റർനെറ്റ് അടക്കമുള്ള വിവര സാങ്കേതിക വിദ്യകളും ഉപകരണങ്ങളും എഴുത്തിന്റെ പുതിയ തലങ്ങൾ തുറന്നു തരികയാണ്. ഇവിടെ എഴുത്തിന്റേയും വായനയുടേയും പരമ്പരാഗത രീതികൾ മാറുമ്പോൾ ആ മാറ്റങ്ങൾക്കൊത്ത് സഞ്ചരിക്കാൻ വട്ടപ്പാറ എൽ.എം.എസ്. സ്കൂളിലെ കൊച്ചു കുട്ടികൾക്കും കഴിയട്ടെ എന്ന ആശംസയോടെ

[signature]

ഡി. സത്യജോസ്.

ജോസ് കോട്ടേജ്, ചാങ്ങ പി.ഒ, ആര്യനാട്, തിരുവനന്തപുരം, പിൻ-695 542
E-mail : sathyajosed@gmail.com | Mobile : 8547631400, 9744636900



## ആശംസ

വട്ടപ്പാറ **എൽ .എം.എൽ.എം.എസ്. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഇ-മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു.**

**കുട്ടികളുടെ ഇത്തരത്തിലുള്ള സ്വർഗ്ഗവാസനയ്ക്ക് ഇന്ന് സമൂഹത്തിൽ ഏറെ പ്രസക്തിയുണ്ട് . ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പി.ടി.എ.യുടെ പേരിലുള്ള എല്ലാവിധ ആശംസകളും നേരുന്നു.....**

"നന്മ വരട്ടെ"

ജയദാസ്

പി.ടി.എ.പ്രസിഡന്റ്



# ആശംസ

പുത്തൻ സാങ്കേതിക വിദ്യയുടെ ഫലമായി ക്ളാസ്സുമുറികൾ ഹൈടെക് ക്ളാസ്സ് മുറികളായി മാറികൊണ്ടിരിക്കുന്നു. ഈ മാറ്റത്തിനൊത്ത് പുതുതലമുറ യുടെ ആഭിമുഖ്യം ഗുണപരമായുംസർഗ്ഗാത്മകമായുംപ്രയോജനപ്പെടുത്തുന്ന തിനായി ലിറ്റിൽ കൈറ്റ് എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മയിലൂടെ കഴിയുന്നു എന്നതിൽ അഭിമാനമുണ്ട്. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ തൊട്ടുണർത്തുന്ന E മാഗസിൻ നമ്മുടെ സ്കൂളിന് അഭിമാനമാണ്. ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾ ക്കും അധ്യാപകർക്കും ആശംസകൾ നേർ ന്നുകൊണ്ട്....



വിനയത്തോടെ

ഷീനഹെലൻ.റ്റി.എൽ.


ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്

# എഡിറ്റോറിയൽ

പ്രിയപ്പെട്ട കൂട്ടുകാരെ,

**കാലങ്ങളായി നിങ്ങൾ മനസിൽ സൂക്ഷിച്ച ആവനാഴിയിലെ അമ്പുകൾ എയ്യാൻ നിങ്ങൾക്ക് കിട്ടിയ അവസരം ....**
**സ്നേഹിക്കാനുംസ്നേഹിപ്പിക്കാനും,ബഹുമാനിക്കാനും,അനുസരിക്കാനും തൂലികകൾക്ക് കഴിയണം.......**
**ജലപ്രളയത്തിൽ കേരള ജനതയും സ്കൂൾ വിദ്യാർത്ഥികളും കാണിച്ച സ്നേഹം ......**
**ഒരിക്കലും വറ്റാത്ത ഉറവയായി മാറാൻഎൽ.എം.എസ്.എച്ച്.എസി.ലെ ഓരോ വിദ്യാർത്ഥിയ്ക്കും** കഴിയട്ടെ....

എഡിറ്റർ
അശ്വനി എ.എസ്
10 B




# മീശക്കാരാ മുയലച്ചാ



കാട്ടിൽ ചുറ്റി നടക്കാതെന്നടെ
മീശക്കാരാ മുയലച്ചാ
ജീപ്പിൽ കേറെടാ വേഗം കേറെടാ
മീശക്കാരാ മുയലച്ചാ
മേശേക്കേറ്റിയിരുത്താം വീട്ടിൽ
മീശക്കാരാ മുയലച്ചാ

വേട്ടക്കാരാ ജീപ്പിൽ തന്നേ
വേഗം വിട്ടോ കുഞ്ഞച്ചാ
പുല്ലും തിന്നു നടന്നോളാം ഞാൻ
പ്ലേറ്റിൽ കേറ്റാൻ നോക്കണ്ട
ജീപ്പും കൊണ്ട് വേഗം വിട്ടാൽ
നേരം കാലം വീടെത്താം



# ഒന്നുകൂടി കാണാൻ



അങ്ങകലെ ഒറീസയിലെ ഒരു കൊച്ചു ഗ്രാമം. അവിടെ തോരാതെ മഴ പെയ്യുകയാണ്. ആ ഗ്രാമത്തിൽ ഒരു കൊച്ചു കുടിൽ. അവിടെ ഒരമ്മയും മൂന്നുമക്കളുമാണുള്ളത്. ആ കുടിൽ വെള്ളത്തിൽ മുങ്ങി കിടക്കുകയാണ്. ആ കുടുംബത്തിലെ മൂന്നു കുട്ടികളിൽ ഏറ്റവും ഇളയ പെൺകുട്ടിക്ക് കഷ്ടിച്ച് ഒരു വയസ്സു മാത്രമേ പ്രായമാകുകയുള്ളു. മൂത്ത രണ്ടു മക്കളിൽ ഒന്ന് പെൺകുട്ടിയും ഒന്ന് ആൺ

കുട്ടിയുമാണ്. ദാരിദ്ര്യത്തിൽ മുങ്ങികിടക്കുന്ന ഒരവസ്ഥയാണവരുടേത്.അവിടെ തീവ്രവാദികളുടെ ഭീഷണിയുണ്ട്.



പ്രഭാതം മെല്ലെ മെല്ലെ പൊട്ടിവിരിഞ്ഞു. നിശബ്ദവും ശാന്തവുമായ അന്തരീക്ഷം. ആ കുടിലിലെ മൂതിർന്ന രണ്ട് കുട്ടികളും വഴക്കു കൂടിക്കൊണ്ട് പുറത്തേക്കോടി.

പെട്ടെന്ന് ആ നിശബ്ദതയെ കീറിമുറിച്ച്, ശാന്തതയെ തകർത്ത് ഒരു സ്ഫോടനമുണ്ടായത്പെട്ടെന്നാണ്. കുട്ടികളുടെ നിലവിളികേട്ട് ആളുകൾ ഓടിക്കൂടി. അപ്പോഴാണവർ കണ്ടത്, കുടിൽനിന്നു കത്തുന്നു. കുട്ടികൾ പരസ്പരം കെട്ടിപ്പുണർന്ന് വാവിട്ടു നിലവിളിച്ചു. ചോദ്യം ചെയ്യാനാരുമില്ല. കുഞ്ഞുങ്ങളെ അമ്മമാർ ആശ്വസിപ്പിച്ചു. ചർച്ചക്കാർ വിശദമായ ചർച്ച തന്നെ നടത്തി. ചർച്ചക്കൊടുവിൽ വെന്തുമരിച്ച അമ്മയുടെ ഒരു സഹോദരി പറഞ്ഞു , "സ്നേഹയെ ഞാൻ കൊണ്ടുപോകാം ഞാൻ ജോലിക്കുപോകുമ്പോൾ എന്റെ മകൾക്കൊരു കൂട്ടാകും.'' ഉടൻതന്നെ അവരുടെ അമ്മാവനും പറഞ്ഞു;

“ സഞ്ചുവിനെ ഞാനും കൊണ്ടുപോകാം വനത്തിൽ പോകുമ്പോൾ ഒരു സഹായിയായി അവൻ നിൽക്കട്ടെ. ’’

കുട്ടികൾ പരസ്പരം ഒന്നു നോക്കി. ഒന്നാശ്വസിപ്പിക്കാന്പോലുമാകാതെ .................. എവിടെയാ തെറ്റ്? ആർക്കാ തെറ്റിയത്? എങ്ങനെയിതു സംഭവിച്ചു? ചോദിക്കാനാരുണ്ട്? ചോദിച്ചിട്ടെന്ത്?

അച്ഛൻ നേരത്തെ മരിച്ച അവർക്ക് ഇനിയാരാണാശ്രയം? ഇനിയുള്ള ജീവിത യാത്ര അന്ധകാരത്തിലൂടെയോ? പ്രകാശത്തിലൂടെയോ? അന്ധകാര പ്രകാശസംമിശ്രമാവാം.....................



# കൊച്ചുകുട്ടാ നീ

കൊച്ചുകുട്ടാ നീ
വഴി നടക്കുമ്പോൾ
നായെ കണ്ടാലെ
കല്ലെറിയല്ലേ
കല്ലെറിഞ്ഞാലേ
നായ്ക്ക് കൊള്ളില്ലേ
നായ്ക്ക്കൊണ്ടാലെ
നിന്നെ കടിക്കില്ലേ
നിന്നെ കടിച്ചാലെ
നിലവിളിക്കില്ലേ
നിലവിളിച്ചാലെ
നാലാള് കൂടില്ലേ
നാലാള്കൂടിയാലെ
നാണക്കേടാകില്ലേഅയ്യയ്യേ



# അതിഥികൾ സ്നേഹിതരോ?



രാത്രിയുടെ ആ കൂരിരുട്ടിൽ ആരോ വന്നു വാതിലിൽ മുട്ടി. ഉറക്കത്തിൽ നിന്നുണർന്ന് കാറ്റ് അതിഥിയെ സ്വാഗതം ചെയ്തു. ആ രാത്രി പുതുമഴയുടെ കുളിർമ നൽകി കാറ്റിനെ ആനന്ദിപ്പിച്ചു. കാറ്റും മഴയും വലിയ സുഹൃത്തുക്കളായിരുന്നു. രണ്ടുപേരും ആനന്ദത്തോടെ ആടിപ്പാടി കുതിർന്ന് കുളിച്ചു രസിച്ചു. എങ്ങും ശക്തമായ മഴയും കാറ്റും. ഓരോ വീടിന്റെ

മുറ്റത്തും വെള്ളം തിങ്ങി നിറയുന്നു. സ്നേഹിതന്മാരുടെ ഈ ലീല മനുഷ്യരെ ഭയപ്പെടുത്തുന്നു. വീട്ടു വാതിൽ ക്കൽ സ്നേഹിതന്മാർ ആടിരസിച്ചെത്തുന്നു.



ഈ രംഗം മാനത്ത് അമ്പിളിയമ്മാവനും കൂട്ടരും കണ്ടു വീക്ഷിക്കുന്നു. അവരുടെ ദാഹമകറ്റാനായി സ്നേഹിതരെത്തിയല്ലോ,എന്ന സന്തോഷത്തിൽ ആണവർ.

മനുഷ്യർക്ക് ദുഃഖം മാത്രമായി, അവരുടെ ചിന്ത ഇങ്ങനെയും."ഈമഴയിലും കാറ്റിലും ഞങ്ങളുടെ പാടങ്ങൾ നശിക്കുമോ? അവർ ആകെ വിഷമിച്ചു.

ഇത്രയൊക്കെ നടന്നിട്ടും അവരുടെ ലീലകൾ അവസാനിപ്പിച്ചില്ലല്ലോ.................................................. സർവരേയും കൊണ്ടേ അവർ പോകുകയുള്ളൂ. ഈ ലീലാവിലാസത്തിൽനശിക്കുന്നത്, നാമാവശേഷമാകുന്നത്അനേകം ജീവിതങ്ങളാണെന്നോർക്കുമ്പോൾ............................ സ്നേഹിതരൊട്ടുവിൽ അവരെയും കൊണ്ടു പോയി.



# കരളിലെ നോവ്



തമ്പുരാൻതിരുമുമ്പിൽ
കുമ്പിടും പണിപോരാ
അന്തിയാൽ പുഞ്ചയ്ക്ക്
നീര് തേവി കൂട്ടണം
പുഞ്ചനീര് നക്കമ്പം
പുള്ള് പീഞ്ച കൂട്ടമ്പം
ഞാനയഞ്ഞ മാടത്തെ
പായിലങ്ങ് കോടാണ്
എള്ളൊണങ്ങ്ന്നെണ്ണയ്ക്ക്
പുല്ലാണങ്ങ്ന്നാലയ്ക്ക്
ഞാനാണങ്ങിത്തീര്ന്നേ
പാലിത്തോറ പള്ളയ്ക്ക്
അച്ഛനും കൊണം പോരാ
അമ്മയും ചെതം പോരാ


കച്ചയും കണികാണാ
മട്ടിലെന്നെകാണ്ന

കുറണഞ്ഞ മാരന്റെ
മാറണിഞ്ഞ മാംഗല്യം
ഏറെ നീണ്ടു നിന്നില്ല
പോയി പിന്നെ വന്നില്ല
കൈതമലക്കുന്നിന്റെ
തായെ വെള്ളച്ചാല്ന്ന്
നീരൊവുക്കം പോലെന്റെ
കരളിലേന്തോ പായ്ന്ന്
എന്തുകൊണ്ട് നീ എയ്തി
എന്റെ തലേ തമ്പായേ
എന്ന് കൊണ്ട് പോകും നീ
എന്നെ മേലെ തമ്പായേ

- **മുബീനാ.എം**

**VII B**

# കൊമ്പനാനയുടെ അഹങ്കാരം



ഒരിടത്ത്

ജംമ്പൻ എന്ന് പേരുള്ള ഒരു ആനയുണ്ടായിരുന്നു. അവൻ മഹാവികൃതിയായിരുന്നു. അവൻ മുഴവനും നശിപ്പിക്കും.



കുറഞ്ഞി എന്നൊരു കാക്കയും ഉണ്ടായിരുന്നു. അവൾ ഒരു മരത്തിൻ മുകളിൽ കൂട് വച്ചുമുട്ടയിട്ടു. തീറ്റതേടാൻ ഉൾകാട്ടിലേക്ക് പോയി. ജംമ്പൻ ആന കാടുക്കുലുക്കി നടന്ന കൂട്ടത്തിൽ കാക്കയുടെ മുട്ടകൾ പൊട്ടി. ഇത് മൂന്നാമത്തെ തവണയാണ്. കാക്ക വന്നപ്പോൾ മുട്ടകൾ തറയിൽ പൊട്ടിക്കിടക്കുന്നു. കാക്ക ഒത്തിരി കരഞ്ഞു. കാക്ക വിചാരിച്ചു. ഇവനെ ഒരു പാഠം പഠിപ്പിക്കണം. കാക്ക നേരെ ചെമ്പൻ കുറുക്കന്റെ അടുത്തു ചെന്നു. കാര്യമെല്ലാം പറഞ്ഞു.


ചെമ്പൻ പറഞ്ഞു

"അവന്റെ അഹങ്കാരം നിർത്തണം, എന്റെ കുട്ടികളെയും അവൻ
കൊന്നിട്ടുണ്ട്." ചെമ്പൻ നേരെ കുഞ്ഞൻ

പെരുച്ചാഴിയെ വിളിച്ചു കാര്യം പറഞ്ഞു. കുഞ്ഞൻപറഞ്ഞു "ഞാനേറ്റ്"എന്റെ അച്ഛനെയും അമ്മയെയും അവൻ ചവിട്ടി അരച്ചതാണ്. വലിയൊരു കുഴി കുഴിച്ച്, ഓലയിട്ടു മറച്ചു.

ആനയെ കണ്ടെത്തി. ആനയോട് കുഞ്ഞൻ പറഞ്ഞു. പുഴക്കരയിൽ ഒരു മുതല മരിച്ചു കിടക്കുന്നു. അത് കേട്ടപാടെ കൊമ്പൻ പുഴക്കരയിലേക്ക് ഓടി. കുഞ്ഞൻ കുഴിച്ച കുഴിയിൽ വീണു. കുഞ്ഞൻ ഈ വിവരം കാക്കയെയും ചെമ്പനെയും അറിയിച്ചു. അവർ ഓടി വന്നു നോക്കിയപ്പോൾ ആന കുഴിയിൽ കിടക്കുന്നതു കണ്ടു.

നിന്റെ അഹങ്കാരമാണിതിനു കാരണം; ബലശാലിയാണ്, ബുദ്ധിമാനാണ് എന്നൊക്കെപറഞ്ഞു മദിച്ചു നടന്നല്ലൊ നീ. എന്നിട്ടിപ്പൊ.............സ്വന്തംബുദ്ധിയിലും ശക്തിയിലും മതിമറക്കരുതേ......... ഇതൊരു പാഠമാകട്ടെ.”



# അമ്മ



ദൈവമാണമ്മ സ്നേഹമാണമ്മ
സാന്ത്വനത്തിൻ കടലാണമ്മ
എല്ലാം സഹിക്കും എല്ലാം ക്ഷമിക്കും
സ്നേഹത്തിൻ ഉറവിടമാണമ്മ

നിലയ്ക്കാത്ത തിരമാലകൾപോലെ
നിലയ്ക്കാത്ത സ്നേഹമാണമ്മ
ഒരു ചെറുപുഞ്ചിരിയാലെന്നും
വാത്സല്യം പകർന്നിടും എന്റെ അമ്മ

••••••••••••

# ടീണിക്ക് പറ്റിയ പറ്റ്




ഒരു പാവം തേനീച്ചക്കുട്ടിയാണ് ടീണി. ഒരു ദിവസം അവൾ തേൻ തേടി പുറത്തുപോയി.

പൂന്തോപ്പുകളിൽ പാറിപ്പാറി
പൂവുകൾ തേടും തേനീച്ച
പൂവുകൾ തോറും പാറിപ്പാറി
തേൻ നുകരുന്നീ തേനീച്ച !

തേൻ നുകർന്ന് കറങ്ങി നടക്കുന്നതിനിടയിൽ പെട്ടന്ന് ടീണി ഞെട്ടിപ്പോയി. അവൾ നേരെ അമ്മതേനീച്ചയുടെ അടുത്തേക്ക് പാഞ്ഞു.

അയ്യോ ! വേഗം വന്നട്ടെ
പൂന്തോട്ടത്തിൽ ചെന്നാട്ടെ
അമ്പോ വീണു കിടക്കുന്നു

സൂര്യൻ നമ്മുടെ പൂന്തോപ്പിൽ !

ടീണി പറഞ്ഞതുകേട്ട് അമ്മതേനീച്ചയ്ക്ക് അദ്ഭുതമായി.

അമ്മത്തേനീച്ച ടീണിയേയും കൂട്ടി പൂന്തോട്ടത്തിലേക്കു പറന്നു. അവർ

പൂന്തോട്ടത്തിൽ എത്തി ടീണിക്ക്കാണിച്ചുക്കൊടുത്തു. സൂര്യനെ കണ്ട് അമ്മത്തേനീച്ച ആകാശത്തുള്ള സൂര്യനെ ടീണിക്ക് കാണിച്ചുക്കൊടുത്തു.

വെളിച്ചമേകി മാനത്ത്
ഉദിച്ചു നിൽക്കണതാരാണ് ?
വെയിലും ചൂടും തന്നീടാൻ
തിളങ്ങിനിൽക്കണതാരാണ് ?

അമ്മത്തേനീച്ച സൂര്യനേ കാണിച്ചു തന്നതും ടീണിക്ക് ആകെ സംശയമായി. അപ്പോൾ പൂന്തോട്ടത്തിൽ വീണു കിടക്കുന്നത് ? സൂര്യകാന്തിപ്പൂവ് കണ്ടിട്ടാണ് പാവം ടീണി. സൂര്യൻ വീണുകിടക്കുന്നത് !

സൂര്യനുദിച്ചത് പോലുണ്ടേ
വിടരും ചുറ്റം കിരണങ്ങൾ
മഞ്ഞനിറത്തിൽ ചിരിതൂകും
പൂവാണേയിത് കണ്ടോളൂ !

അമ്മ പറഞ്ഞു കേട്ട് ടീണിക്ക് കാര്യം മനസ്സിലായി നേരെ പറന്ന് സൂര്യകാന്തിപ്പൂവിൽ ചെന്ന് ഇരുന്നു !

BY; **ശിവകാമി . ബി . എസ്**


## തുള്ളൽപ്പാട്ട്



# ഇന്നത്തെ സമൂഹം

നമ്മുടെ പൈതൃകം നമ്മുടെ നന്മ
ആസക്തികളാൽ ആറാടുമ്പോൾ
അഴിമതി അക്രമം എങ്ങും കാണാം
അറിവില്ലായ്മ തൻ ചൂതാട്ടങ്ങളും
അജ്ഞത നീണ്ടു തടിച്ചു കിടക്കും
അടിമകൾ തന്നുടെ പാഴ്ജീവിതവും
ചതിയും ദ്വേഷവും ആഴ്ന്ന കിടക്കും
തസ്കരഘാതക വീരന്മാരും
പാതകളറിയാതങ്ങനെ നാം
പാഴാം ഭൂമിയിൽ ജീവിച്ചീടും
അഴലിൻ കഥകൾ മാത്രം ഓതും
സ്മരണകൾ മാത്രം നമുക്കായെന്നും

# പരിഹാസത്തിലൂടെ ഉന്നതവിജയം



അച്ഛനു അമ്മയും വാഹനാപകടത്തിൽ മരിച്ചു . അതിനാൽ എനിക്ക് അമ്മൂമ്മയും അപ്പൂപ്പനും മാത്രമേ ഉണ്ടായിരുന്നോളൂ . പള്ളിക്കാരെല്ലാം ചേർന്നു പഠിപ്പിച്ചു. അനന്തൻ എന്നായിരുന്നു എന്റെ പേര് . സ്കൂളിലെ ബാക്കിക്കുട്ടികൾ  അനാഥൻ എന്നു പറഞ്ഞ് കളിയാക്കാൻ തുടങ്ങി. അതൊന്നും അവൻ കാര്യമാക്കിയില്ല. സ്കൂളിൽ ഫീസടയ്ക്കാൻകാശില്ലാതെ വന്നപ്പോൾ ഒരു ചെറിയ ചായക്കടയിൽ ജോലിക്കു പോയി. അവിടന്നു കിട്ടുന്ന കാശ് അവൻ സ്കൂളിലടച്ചു. പരീക്ഷകളിൽ ഉന്നത വിജയം

കരസ്ഥമാക്കി. കുട്ടിയായതിനാൽ എല്ലാവർക്കും അതിഷ്ടമായില്ല. അവർ അനന്തന്റെ ബുക്കുകൾ കത്തിച്ചുകളഞ്ഞു. ഉള്ള സമയം വേറെ ബുക്കുകളിൽ ഒന്നേന്ന് എഴുതി അവൻ പഠിച്ചു. പഠനത്തിനിടയിൽ കുറേ അധികം കുറ്റങ്ങൾ കുട്ടികളുടെ വായിൽ നിന്ന് അനന്തൻ കേൾക്കേണ്ടി വന്നു. ബോർഡിങ്ങിലെ കുട്ടികൾ അവൻ അനാഥനായതിനാൽ അവനെക്കൊണ്ട് ഒരുപാട് ജോലിചെയ്യിച്ചു. അവൻ എല്ലാം സഹിച്ചും ക്ഷമിച്ചും അവന്റെ പഠനം മുന്നോട്ട് നയിച്ചു. അവൻ വളർന്നു. ഒരു പോലീസുകാരനായി മാറി. അവൻ ഇന്ന് ഒരുപാട് അനാഥകുട്ടികൾക്ക് രക്ഷകനാണ്. അവന്റെ ജീവിതം എല്ലാവർക്കും ഇന്ന് ഒരു പാഠമാണ്.

**BY,**

**അൽഫ. എം**



# നമ്മുടെ കേരളം

എന്റെനാട് കേരളം
നമ്മുടെ സ്വന്തം കേരളം
ചിലുചിലെ ചിലയ്ക്കുന്ന കിളികൾ
കള കളം പാടുന്ന കാട്ടു ചോലകൾ
പച്ചവിരിച്ച പുതപ്പു പോലെ
അവിടെയുമിവിടെയും വയലുകളും
തേൻ നുകരാൻവരും തുമ്പികളും
പൂന്തോപ്പിൽ നിറയെ പൂക്കളും
തെങ്ങിൻ തോപ്പിൻ സ്വന്തം കേരളം
നമ്മുടെയെല്ലാം പ്രിയ കേരളം
മലകൾക്കും കുന്നുകൾക്കും ഉടമ കേരളം
നമ്മുടെയെല്ലാം സ്വന്തം കേരളം



# യഥാർത്ഥ സ്നേഹം



ഒരിടത്ത് ഒരു ആൺക്കുട്ടിയുണ്ടായിരുന്നു ആ കുട്ടിയുടെ പേര് ഷൈൻ എന്നായിരുന്നു ഒരു വാഹനാപകടത്തിൽ ആ കുട്ടിയുടെ അച്ഛനും അമ്മയും മരിച്ചു . അതോടെ ഷൈനിന് കാഴ്ച്ചയ്ക്ക് ചെറിയ കുറവു സംഭവിച്ചു . ഷൈനിന് 4 വയസ്സ് ഉണ്ടായിരുന്നത് മിടുക്കനായിരുന്ന കുട്ടിയായിരുന്നു ഷൈൻ പഠിത്തതിൽ ആയാലും കലാമത്സരങ്ങളിൽ ആയാലും ഉന്നത വിജയം കരസ്ഥമാക്കാൻ ഷൈനിന് കഴിഞ്ഞിരുന്നു . എന്നാൽ ഷൈനിന് തോന്നിയിരുന്നു ആകെ കുറവ് കാഴ്ച്ചയില്ല എന്നതായിരുന്നു . എന്നാൽ ഈ കുറവിനെ മാറ്റിവച്ച് ഉന്നതിലേക്ക് ഉയരാൻ അവൻ ഒത്തിരി ആഗ്രഹിച്ചിരുന്നു . മാതാപിതാക്കളുടെ മരണശേഷം അവരുടെ ബന്ധുമിത്രാദികൾ ആണ് ഷൈനിനെ നോക്കിയത് . അതു കഴിഞ്ഞ് ഒരു ബോഡിങ്ങിൽ കൊണ്ടാക്കി . അവിടെ ഉണ്ടായിരുന്ന കുട്ടികൾക്ക് ഒന്നും ഷൈനിനെ ഇഷ്ടമായിരുന്നില്ല . അവർ അവനെ കളിക്കുവാൻ കൂട്ടിയിരുന്നില്ല അവനെ അവർ കളിയാക്കുവാൻ തുടങ്ങി അനാഥൻ , കുരുടൻ എന്നൊക്കെ .

ഒത്തിരി വിഷമമായെങ്കിലും അവൻ ഇതൊന്നും കൂട്ടാക്കാതെ ഉയരത്തിലേക്ക് പറക്കാൻ ആഗ്രഹിച്ചു . ഒരു ദിവസം
ഷൈൻ ഇങ്ങനെ ഇരിക്കുമ്പോൾ അവനെ ഒരാൾ വന്നു വിളിച്ചു . ഷൈൻ പേടിച്ചു പോയി . എന്നാൽ അത് ഷൈനിനെ പഠിപ്പിക്കുന്ന ടീച്ചറായിരുന്നു . ടീച്ചറിന് ഷൈനിനെ ഒത്തിരി ഇഷ്ടമായിരുന്നു . ടീച്ചർ ഷൈനിന്റെ കഴിവുകളെയും പഠിത്തതോടുള്ള ആവേശവും പ്രോത്സഹിപ്പിച്ചു . അങ്ങനെ ടീച്ചർ ഷൈനിന്റെ ജീവിതത്തിലെ ഒരു വഴികാട്ടിയായി മാറി . ഷൈനിന് 12 വയസ്സ് ആയപ്പോൾ ടീച്ചർ അവനെ ഒത്തിരി ചികിത്സയിലൂടെ അവന്റെ കുറവ് മാറ്റിക്കൊടുത്തു .ഷൈനിന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു എൻജിനിയർ ആവണമെന്നത് . ഷൈനിന്റെ പരിശ്രമത്തിലൂടെ അവൻ എൻ ജിനിയർ ആവാനുള്ള എല്ലാ യോഗ്യതയും നേടി ആ ടീച്ചറും ഷൈനിനെ ഒത്തിരി പ്രോൽസാഹിപ്പിച്ചു .ആന്ന് ഷൈൻ മനസ്സിൽ ഉറപ്പിച്ചു " ഇനി ഒരു എൻജിനിയർ ആവണമെന്നുള്ളത് എന്റെ ആവശ്യം മാത്രമല്ല ടീച്ചറുടെ ആവശ്യവുമാണെന്ന് " അങ്ങനെ ഷൈൻ ഒത്തിരി പരിശ്രമങ്ങളിലൂടെ എൻജിനിയർ എന്ന തന്റെ ആഗ്രഹം നിവർത്തിച്ചു .

BY,

മഹിമ.എം

**IX.C**

# വിദ്യാലയം




നല്ല വാക്കുകൾ പഠിപ്പിക്കുന്ന
എൻ ഗൃഹമാണ് വിദ്യാലയം
ശിഷ്യരാം ഞങ്ങൾ ഒത്തു
വസിച്ചിടും
എൻ ഗൃഹമാണ് വിദ്യാലയം
കുഞ്ഞങ്ങളാം ഞങ്ങൾക്ക്
വിദ്യ പകർന്നിടുന്ന
അരുമയാം വിദ്യാലയം
എൻ വിദ്യാലയം
സ്വർഗ്ഗതുല്ല്യമായ് ഞാൻ കരുതും
വിദ്യാലയം എൻ വിദ്യാലയം
ശിഷ്യരാം ഞങ്ങൾക്ക് വിദ്യ പകരുന്ന
ഗുരുക്കന്മാർ നിറയുംവിദ്യാലയം
എൻ വിദ്യാലയം വാത്സല്യം പിന്നെ
സ്നേഹവും ഞങ്ങൾക്ക് നൽകും
ഗുരുക്കന്മാരുള്ള വിദ്യാലയം
എൻ വിദ്യാലയം

……………

# ഓണശൈലികൾ



- ഓണം കേറാമൂല .
- ഓണം ഊട്ടുക
- ഓണം ഉണ്ണുക .
- ഓണം കൊള്ളുക .
- ഓണപ്പാച്ചിൽ
- ഓണമടുത്ത ചാലിയന്റെ ചേല് .
- ഓണം പോലെയാണോ തിരുവാതിര .
- ഓണം സൗഖ്യകാലം .
- ഓണം വിഷു തിരുവാതിര .
- ഉത്രാടപ്പാച്ചിൽ .
- ഉള്ളതു കൊണ്ട് ഓണം പോലെ .
- മാവേലി നാട് .
- മാവേലി വരുന്നതു പോലെ .
- അത്തം കറുത്താൽ ഓണം വെളുക്കും .
- പൊന്നോണപ്പുലരി .
- അത്തം പത്തോണം .
- ഉത്രാടം ഉച്ചയാകുമ്പോൾ

  അച്ചിമാർക്ക് വെപ്രാളം കൂടും .




- ഓണത്തിനിടക്കാ പുട്ടുകച്ചവടം .
- ഓണം ഉണ്ട വയർ ചൂളം പാടും
- ഓണം വന്നാലും ഉണ്ണി പിന്നാലും കോരന്ന കഞ്ഞി കുമ്പിളിൽ .
- തിരുവോണം തിരുതക്കിതി .
- കാണം വിറ്റും ഓണം ഉണ്ണണം .
- ഓണത്തപ്പാ കുടവയറാ എന്നുതീരും തിരുവോണം .
- ഓണത്തിനല്ലയോ ഓണപ്പുടവ .
- ഓണത്തെക്കാൾ വലിയ വാവില്ല .
- ഓണം ഓലപ്പുര ഓട്ടപ്പുര .
- ഓണാട്ടൻ വിതച്ചാൽ ഓണത്തിന്ന പുത്തരി .

*സമ്പാദക*

ആർദ്ര എസ്.ആർ



# ബാപ്പുജി



ഞങ്ങൾക്കുണ്ടൊരു മുത്തച്ഛൻ
നന്മയെഴുന്നൊരു മുത്തച്ഛൻ
നമ്മുടെ നാടിനു സ്വാതന്ത്ര്യം
നേടിത്ത്ന്നൊരു മുത്തച്ഛൻ
അഹിംസയെ മാത്രം സ്നേഹിച്ച്
ഹിംസ എതിർത്തൊരു മുത്തച്ഛൻ
നല്ലതു മാത്രം ചെയ്യാനും
നല്ല വഴിക്കു നടത്താനും
വഴികാട്ടിതന്നൊരു മുത്തച്ഛൻ
അടിയും പിടിയുംകൂടാതെ
വെടിയൊച്ചകൾ മുഴക്കാതെ
നന്മകൾ മാത്രം ചെയ്തതിലൂടെ
നേടിത്തന്നു സ്വാതന്ത്ര്യം
ബാപ്പുജി.....ബാപ്പുജി.....ബാപ്പുജി
മരണത്തിൽ കീഴ്പ്പെടുത്തിയാലും
പകരമില്ലാത്ത ബാപ്പുജി
എന്നും നമ്മെ വേർപിരിയാത്ത
പകരമില്ലാത്ത ബാപ്പുജി

BY,
ശ്രീ ലക്ഷ്മി. എസ്
**IX C**

# കടംകഥകൾ

1. ആയിരം അറയിൽ ഒരു ഉണ്ണികൃഷ്ണൻ?

വാഴപ്പിണ്ടി




2.അമ്മ കൊലുന്നനെ മക്കളൊക്കെ തൊപ്പിക്കാർ?




അടയ്ക്കാമരവും അടയ്ക്കയും

3. ആയിരം പോലീസുകാർക്ക് ഒരു ബൽറ്റ്?

ചൂൽ



4.അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാൽ?



ചിരവ

5.പാലിലൊരു കരിമീൻ?

കണ്ണ്



6. അടുക്കള കോവിലിൽ മൂന്നുണ്ട് ദൈവങ്ങൾ?



അടുപ്പ്കല്ല്

7.കാട്ടു വെട്ടി പാറ കണ്ടു പാറ വെട്ടി വെള്ളം കണ്ടു?

തേങ്ങ



8.മാനത്തെ അങ്കത്തിന് ഭൂമിദേവി പിടിച്ച പരിച?



കൂൺ

9.മാനത്തെ ഭഗവതിുടെ പടിയിറക്കം?

കടന്നൽ



10.മാനത്തെ ഒരു അമ്മൂമ്മയ്ക്ക് നെറുകയിൽ പൂവ്?



കൈതച്ചക്ക

11.മഴയെത്തും വെയിലെത്തും ആശ്വാസദായകൻ കറുമ്പൻ എട്ടെല്ലൻ കുട്ടപ്പൻ?

കുട



12.മുട്ടിന മുട്ടിന വളയിട്ടുള്ള ഒരു പച്ച സുന്ദരി മാനം നോക്കി നിൽക്കുന്നു?



മുള

13.കറുത്ത തൊപ്പിയുള്ള വെള്ള കോലൻ?

തീപ്പെട്ടി ക്കൊള്ളി



14. കാക്കയ്ക്കും കോഴിക്കും വേണ്ടാത്ത വിത്ത്, വെള്ളത്തിലിട്ടാൽ കാണാത്ത വിത്ത്?



ഉപ്പ്

15.കാട്ടിലെ മുത്തി പട്ടണം കണ്ടു വന്നപ്പോൾ വെളുവെളുത്തു?



കടലാസ്

16.വേലി പൊത്തിൽ വൈരക്കല്ല്?



മിന്നാമിനുങ്ങ്

17.വെളിച്ചത്ത് ചന്ദ്രക്കല ഇരുട്ടത്ത് പൂർണ്ണചന്ദ്രൻ?




പൂച്ചയുടെ കണ്ണ്

18. അകം എല്ലും തോലും പുറം പൊന്തം പൊന്തം?


fa31866657 FreeArt

വൈക്കോൽത്തുറു

19.അകത്തേക്ക പോകുമ്പോൾ പച്ച പുറത്തേക്ക് വരുമ്പോൾ ചുവപ്പ്?



**മുറുക്കാൻ**

ആർദ്ര എസ്.ആർ


# മഴക്കാലം



ഇടവപ്പാതി വന്നെത്തി
ഇടമുറിയാതെ മഴയും
മണ്ണിൽ പുതുഗന്ധം
വിണ്ണിലേക്കുയർന്നു
മാനം നിറയെ കരിമുകിൽ
പരന്നൊഴുകിവരണ്ട പാടങ്ങളും
വിണ്ണിനു താഴെ ജലാശയങ്ങളും
ജീവജാലങ്ങളൊക്കെയും
നിറഞ്ഞ മനസ്സുമായി നിന്നു
പിന്നെ എപ്പോഴും രൗദ്രഭാവംപൂണ്ട്
കലിതുള്ളി ഒഴുകി കാട്ടാറു പോലും

……………..

# വസന്തകാലം



വസന്തകാലം വരവായി
നറുമണമെങ്ങും പകരാറായി
തേൻ നുകരാൻ പൂമ്പാറ്റ
പൂന്തോട്ടത്തിൽ വരവായി
മാവും പ്ലാവും പൂത്തല്ലോ
നറുമണമെങ്ങും പരന്നല്ലോ
ചക്കയും മാങ്ങയും കായ്ച്ചല്ലോ
രുചിയും നിറവും നിറഞ്ഞല്ലോ
പൂവുകൾ എങ്ങും വിടരുന്നു
പൂമണമെങ്ങും പകരുന്നു



# ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങൾ
















# നന്ദി


little
KITEs